(ബി) എങ്കിൽ അവിടത്തെ നോൺ എ.സി. റൂമുകളുടെയും ഡോർമിറ്ററിയുടെയും അവസ്ഥ എപ്രകാരമാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) കഴിഞ്ഞ ഏപ്രിൽമാസം അവസാനവാരം സിവിൽസർവ്വീസ് ഇന്റർവ്യൂവിനുവേണ്ടി ഡൽഹിയിൽ എത്തിയ ഉദ്യോഗാർത്ഥികളെ എത്ര ദിവസം അവിടെ താമസിപ്പിച്ചു;

(ഡി) ഇന്റർവ്യൂ കഴിയുന്നതിനുമുമ്പ് ഉദ്യോഗാർത്ഥികളെ പുറത്താക്കിയ സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ എന്തുനടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(എഫ്) മേലിൽ ഇപ്രകാരമുള്ള നടപടികൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കുമോ;

(ജി) സിവിൽസർവ്വീസ് ഇന്റർവ്യൂവിന് ഡൽഹിയിൽ എത്തുന്ന ഉദ്യോഗാർത്ഥികൾക്ക് ആന്ധ്രാഭവൻ പോലെയുള്ള സ്ഥലങ്ങളിൽ പ്രത്യേകപരിഗണന ലഭിക്കുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എച്ച്) കേരളത്തിൽനിന്നുള്ള ഉദ്യോഗാർത്ഥികൾക്ക് അത്തരം സൗകര്യം ചെയ്തുകൊടുക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) ഉണ്ട്.

(സി) ഉദ്യോഗാർത്ഥികൾ മൂന്ന് ദിവസംവരെ താമസിച്ചിട്ടുണ്ട്.

(ഡി),(ഇ)&(എഫ്)നിയമപ്രകാരം ഉദ്യോഗാർത്ഥികൾക്ക് പ്രൈവറ്റ് കാറ്റഗറിയായാണ് താമസസൗകര്യം നൽകിയിരുന്നത്. എന്നാൽ പിന്നീട് ഔദ്യോഗികാവശ്യത്തിനായി എത്തിച്ചേർന്ന ഉദ്യോഗസ്ഥന്മാർക്ക് താമസസൗകര്യം ലഭ്യമാക്കാനായി ഇവരോട് മുറി ഒഴിഞ്ഞുതരാൻ ആവശ്യപ്പെടുകയാണ് ചെയ്തത്.

(ജി)&(എച്ച്) മറ്റു സംസ്ഥാനങ്ങളുടെ ഹൗസുകളിൽ സ്വീകരിച്ചുവരുന്ന നയം ആരാഞ്ഞ് അറിഞ്ഞശേഷം ഇക്കാര്യം പരിശോധിക്കുന്നതാണ്.

21 (1381) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകൾ

ശ്രീമതി എൻ.കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര സർക്കാർ ഓഫീസുകളാണ് ഇപ്പോൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത്; വകുപ്പു തിരിച്ച് കണക്കുകൾ വ്യക്തമാക്കുമോ;

(ബി) വാടകയിനത്തിൽ സർക്കാരിന് പ്രതിവർഷം എന്തുതുക ചെലവാകുന്നു;

(സി) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസികൾക്ക് സമയ ബന്ധിതമായി കെട്ടിടം നിർമ്മിച്ചു നൽകി ഓഫീസുകൾ അതിലേക്ക് മാറ്റുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ)&(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ആവശ്യമായ സ്ഥലവും ധനവും ലഭ്യമാകുന്നതിനനുസരിച്ച് കെട്ടിടങ്ങൾ നിർമ്മിച്ച് ഓഫീസുകൾ മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly